പഠനത്തെ ബാധിക്കും. ഒരു ദിവസം എല്ലാ ക്ലാസ്സുകളിലെയും എല്ലാ അദ്ധ്യാപകർക്കും പരിശീലനം നൽകുന്നതിന് വൻതോതിൽ റിസോഴ്സ് പേഴ്സൺസിനെ ആവശ്യമുണ്ട്. പുതിയ സമീപനത്തിലേയ്ക്ക് മാറാനും അതിനനുസൃതമായി ക്ലാസ്സുകൾ കൈകാര്യം ചെയ്യാനും പരിശീലനം ലഭിച്ച അദ്ധ്യാപകർക്ക് പ്രയാസം ഉണ്ടാകുന്നുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ മോണിറ്ററിംഗ് ആവശ്യമാണ്. പരിശീലനം ലഭിച്ച അദ്ധ്യാപകർ, പരിശീലനത്തിലൂടെ ലഭിച്ച പുതിയ അറിവുകൾ ക്ലാസ്സിൽ പ്രയോഗിക്കുന്നു എന്നുറപ്പാക്കാൻ തൽസമയ പിന്തുണ (ഒ.എസ്.എസ്) സംവിധാനം എല്ലാ തലത്തിലും (എച്ച്.എസ്, എച്ച്. എസ്.എസ്. തലത്തിലുൾപ്പെടെ) ഉണ്ടാകണം. നിലവിൽ ഇത് പ്രൈമറി തലത്തിൽ മാത്രമാണുള്ളത്. പരിശീലനം നേടിയ അദ്ധ്യാപകർ മാത്രം ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നുവെന്നും അത് പരിശീലനം ലഭിച്ച രീതിയിൽ തന്നെ യാണെന്നുറപ്പിക്കാനുമുള്ള സംവിധാനം നിലവിലില്ല.

(ഡി) വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ 2010-11 അദ്ധ്യയന വർഷത്തെ പരിശീലന പരിപാടി എല്ലാ അദ്ധ്യാപക സംഘടനകളുടേയും പൂർണ്ണ സഹകരണത്തോടെ നടത്തുവാനുള്ള നടപടികൾ തുടർന്നു വരുന്നു. അദ്ധ്യാപക സംഘടനകളുമായി കൂടിയാലോചിച്ചതിനുശേഷമാണ് ഹയർ സെക്കണ്ടറി തലത്തിൽ പരിപാടികൾ ആസൂത്രണം ചെയ്യുന്നത്. സ്കൂൾ തലത്തിലെ എല്ലാ വിഭാഗം അദ്ധ്യാപക സംഘടനകളുടെയും പൂർണ്ണ സഹകരണം പരിശീലന പരിപാടിക്ക് ഇപ്പോൾ ലഭിക്കുന്നുണ്ട്. അവധിക്കാലത്ത് കൂടുതൽ ദിവസത്തെ പരിശീലനം നടത്തുന്നതിന് തീരുമാനമായിട്ടുണ്ട്. അതിൻ പ്രകാരം പ്രൈമറി വിഭാഗത്തിൽ ഈ വർഷം പത്തു ദിവസത്തെ പരിശീലനം നടത്തുകയുണ്ടായി. ഇന്റർനെറ്റ് സംവിധാനം, ബ്ലോഗ്, വിക്ടേഴ്സ് ചാനൽ എന്നിവ പ്രയോജനപ്പെടുത്തി വിദൂര വിദ്യാഭ്യാസ രീതിയിലുള്ള പരിശീലന സാധ്യത ആലോചിക്കുന്നുണ്ട്. മികച്ച ക്ലാസ്സുകളുടെ വീഡിയോ സി.ഡി.കൾ അധ്യാപകർക്കു ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കും. എല്ലാ വിഭാഗത്തിലും (എച്ച്.എസ്., എച്ച്.എസ്.എസ്.) സ്ഥിരം പരിശീലകരെ നിയോഗിച്ച് തൽസ്ഥല പിന്തുണയും പരിശീലനവും കാര്യക്ഷമമാക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

സ്കൂൾ അദ്ധ്യാപകർക്കുള്ള പ്രൊട്ടക്ഷൻ

19 (3765) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. ബാബു :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുട്ടികൾ കുറയുന്നതുമൂലം ജോലി നഷ്ടപ്പെടുന്ന സ്കൂൾ അദ്ധ്യാപകർക്കുള്ള പ്രൊട്ടക്ഷൻ നിയമത്തിൽ എന്തൊക്കെ പുതിയ പരിഷ്കാരങ്ങൾക്കാണ് സർക്കാർ ഉദ്ദേശിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2005 വരെയുള്ള അദ്ധ്യാപകർക്ക് ഈ ആനുകൂല്യം ലഭ്യമാക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ ;

(സി) ഇതിനായി സർക്കാർ എന്തെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ഡി) സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം കേന്ദ്ര നിയമം അനുശാസിക്കുന്ന തരത്തിൽ 1:30 എന്നത് നടപ്പാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ഇ) ഇത് സംബന്ധിച്ച് എന്തൊക്കെ തീരുമാനങ്ങൾ കൈക്കൊണ്ടു ;

(എഫ്) ഈ അദ്ധ്യയന വർഷത്തിൽ ഇക്കാര്യങ്ങളിൽ എന്തൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കുന്നത് ?

ഉത്തരം

(എ) നിലവിൽ 1997 ജൂലൈ 14-ന് റഗുലർ സർവ്വീസിലുള്ള അംഗീകൃത അദ്ധ്യാപകർക്കാണ് പ്രൊട്ടക്ഷൻ ആനുകൂല്യം ലഭിക്കുന്നത്.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി-എഫ്) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം കേരളത്തിൽ എങ്ങനെ നടപ്പിലാക്കണമെന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിയോഗിച്ച സമിതിയുടെ റിപ്പോർട്ട് പരിശോധിച്ചു വരികയാണ്. കേന്ദ്രനിയമം അതേപടി കേരളത്തിൽ നടപ്പിലാക്കിയാലുണ്ടാകുന്ന ദോഷവശങ്ങൾ പരിഹരിക്കാനായി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ തീരുമാനം അറിവായിട്ടില്ല.

സ്കൂൾ കെട്ടിടങ്ങൾ നവീകരിക്കുന്നതിനുള്ള നടപടി

20 (3766) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ രംഗത്തെ ആദ്യകാല വിദ്യാലയങ്ങളുടെ കെട്ടിടങ്ങൾ പലതും നവീകരിക്കേണ്ടതുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരം സ്കൂൾ കെട്ടിടങ്ങൾ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ബി) എല്ലാ സ്കൂളുകളിലും കുടിവെള്ള സംഭരണികൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly